# കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതി

**Kerala Regional Latin Catholic Secretariat**

P.B. No. 620, U.C. College P.O., Aluva - 683102

Tel : 0484-2603705, +91-903700222

kcymlatinofficial@gmail.com

| Chairman | Director | President | General Secretary |
|---|---|---|---|
| Rt. Rev. Dr. Christudas R. | Fr. Anoop Kalathithara OSJ | Mr. Paul Jose | Mr. Sherin K.R |
| KRLCBC Youth Commission | 8281 588 196 | 8547 444 204 | 7559 922 829 |


KCYM/L/2025/CL/No.02 Date: 25/06/2025

സ്നേഹബഹുമാനപ്പെട്ട വൈദികരെ, സിസ്റ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിയിൽ നിന്നുള്ള സ്നേഹാഭിവാദ്യങ്ങൾ.

**യുവജന ദിനാഘോഷം**

എല്ലാ യുവജന സുഹൃത്തുകൾക്കും യുവജന ദിനത്തിന്റെ ആശംസകൾ നേരുന്നു. നിങ്ങളുടെ ഓരോരുത്തരുടെയും രൂപതയിലും ഇടവകകളിലുമായി യുവജന ദിനാഘോഷത്തിന്റെ ഭാഗമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത് ഏറെ പ്രശംസനീയമാണ്. ഇതിനായി മുൻകൈ എടുത്തു പ്രവർത്തിക്കുന്ന എല്ലാ നേതാക്കൾക്കും കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിയുടെ അഭിവാദ്യങ്ങൾ. പ്രത്യാശയുടെ ഈ മഹാ ജൂബിലി വർഷത്തിൽ നമുക്ക് ചുറ്റും പരിമിതമായ സാഹചര്യങ്ങളിൽ കഴിയുന്നവർക്ക് പ്രതീക്ഷയായി മാറുവാൻ നമുക്ക് ഒന്നുചേരാം. പലപ്പോഴായി മറന്നു പോകുന്ന നമ്മുടെ കൂടെയുള്ള യുവതി യുവാക്കളെയും ഈ യുവജന ദിനാഘോഷങ്ങളിൽ കൂടെ ചേർക്കാം. ഈ അവസരത്തിൽ പ്രോഗ്രാമുകൾ ചിട്ട പെടുത്തുമ്പോൾ താഴെ നൽകിയിരിക്കുന്ന ആശയങ്ങൾ കൂടെ ഉൾപെടുത്തുവാൻ എല്ലാ രൂപതാ/അതിരൂപതാ സമിതികളും ശ്രദിക്കുമല്ലോ.

1. മാനസികമായോ ശാരീരികമായോ പരിമിതികളുള്ള യുവജനങ്ങളെയും ഉൾപ്പെടുത്തുക.
2. സെറിബ്രൽ പാൾസി, ഓട്ടിസം തുടങ്ങിയ രോഗാവസ്ഥയിൽ ആയിരിക്കുന്ന യുവജനങ്ങളുടെ ഭവന സന്ദർശനവും മറ്റും നടത്തുക.
3. രൂപതയിലും ഇടവകയിലും ആയി നടത്തുന്ന പരിപാടികളിൽ നിന്ന് തെരഞ്ഞെടുത്ത ഒരു ഫോട്ടോ സംസ്ഥാന സമിതിയുടെ ഇമെയിൽ ഐഡിയിലേക്ക് അയക്കുക. ഏറ്റവും സുന്ദരമായ ഒരു ചിത്രത്തിന് സമ്മാനവും ഉണ്ടായിരിക്കുന്നതാണ്.

**ജീവനാദം യുവനാദം**

കേരള ലത്തീൻ സഭയെ അടിച്ചമർത്തുമ്പോൾ ശബ്ദമായി ഉയരുന്ന, നവ മാധ്യമങ്ങളിൽ നമ്മളെ ചേർത്ത് പിടിക്കുന്ന ജീവനാദത്തിനായി, **"ജീവനാദം യുവനാദം"** എന്ന പേരിൽ ഒരു സർക്കുലേഷൻ ഡ്രൈവ് നടത്തുവാനായി കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതി ഒരുങ്ങുന്നു. ഇതിനായി എല്ലാ രൂപതാ/അതിരൂപതാ സമിതിയുടെയും സഹകരണവും പിന്തുണയും പ്രതീക്ഷിക്കുന്നു. ഓരോ രൂപതാ സമിതികളും ഈ ഒരു ക്യാമ്പയിൻ ഫൊറോന, ഇടവക തലങ്ങളിൽ എത്തിക്കുകയും, എല്ലാ ബി.സി.സി. യൂണിറ്റുകളിലും ഓരോ ജീവനാദം

എന്നതാണ് സംസ്ഥാന സമിതി ആഗ്രഹിക്കുന്നത്. ഇതിനായുള്ള മറ്റു നിർദേശങ്ങളും ചുവടെ ചേർക്കുന്നു.

1. മേൽപ്പറഞ്ഞ ക്യാമ്പയിൻ മൂന്നു മാസത്തിനുള്ളിൽ പൂർത്തീകരിക്കുവാനായി, അതിന്റെ ലക്ഷ്യത്തിലേക്ക് എത്തുവാൻ വേണ്ട സഹായസഹകരണങ്ങൾ ഉണ്ടായിരിക്കണം.
2. ജീവനാദത്തിന്റെ വാർഷിക സബ്സ്ക്രിപ്ഷൻ ഫീസ് 500/- രൂപയാണ്.
3. സബ്സ്ക്രിപ്ഷൻ ഫീസ് നേരിട്ട് ജീവനാദം ഓഫീസിലോ അഥവാ  ഇടവക, ഫൊറോന, രൂപതാ ട്രഷറർ മാരിലൂടെ സംസ്ഥാന സമിതിയുടെ ട്രഷറർക്കും കൈമാറാവുന്നതാണ്.
4. ജീവനാദം ഓഫീസിലേക്ക് ഫീസ് അടക്കുന്നതിനായി ആവശ്യമായ അക്കൗണ്ട് നമ്പർ/UPI QR താഴെ ചേർക്കുന്നുണ്ട്.
5. ഫീസ് അടച്ചതിനു ശേഷം താഴെ നൽകിയിരിക്കുന്ന ഗൂഗിൾ ഫോം വഴി സ്ക്രീൻഷോട്ടും മറ്റ് വിശദാംശങ്ങളും ചേർക്കുക.

ഗൂഗിൾ ഫോം ലിങ്ക് : https://forms.gle/yEbDas7kaLBSJ67z5

**Account Details:**

Name : Jeevanaadham
Bank : South Indian Bank
Branch : Banerji Road
A/C No : 0098073000009487
IFSC Code : SIBL0000098

SOUTH INDIAN Bank
Experience Next Generation Banking
JEEVANAADAM
BHIM UPI

**നന്ദിയോടെ**

കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിയുടെ **DESTINATION - Career Guidance Trainers Workshop** ൽ പങ്കെടുത്ത എല്ലാ  യുവജന നേതാക്കളെയും നന്ദിയോടെ ഓർക്കുന്നു. നിങ്ങൾ ഓരോരുത്തരുടെയും സഹകരണവും സമർപ്പണവും ആയിരുന്നു ഈ പ്രോഗ്രാമിന്റെ വിജയം. ഇതിന്റെ തുടർപ്രവർത്തനങ്ങളിലും പ്രിയപ്പെട്ട എല്ലാ യുവജന സുഹൃത്തുക്കളുടെയും സാന്നിധ്യവും സഹകരണവും പ്രതീക്ഷിക്കുന്നു.

കെ.സി.വൈ.എം ലാറ്റിൻ സംസ്ഥാന സമിതിക്കു വേണ്ടി

KCYM LATIN STATE COMMITTEE

ഷെറിൻ കെ. ആർ.

ജനറൽ സെക്രട്ടറി